പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3579 12/12/2014-ൽ മറുപടിയ്ക്ക്

"മിഷൻ 676 – ൽ ഉൾപ്പെടുത്തിയ ഗ്രാമീണ മേഖലകളുടെ വികസനത്തിനായുള്ള പദ്ധതികൾ"

| ചോദ്യം<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.വർക്കല കഹാർ | | മറുപടി<br>ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മിഷൻ 676 -ൽ ഉൾപ്പെടുത്തി, ഗ്രാമീണ മേഖലകളുടെ വികസന മുന്നേറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഗ്രാമീണ മേഖലകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 1. എല്ലാവർക്കും വീട്<br>a. ഭവന രഹിതരായ 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പുതിയ വീട് നിർമ്മിക്കുന്ന പദ്ധതി.<br>b. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ, ഇനിയും ഭവനങ്ങൾ പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം.<br>2. പാട്ടകൃഷി<br>കുടുംബശ്രീയുമായി ചേർന്ന് 2008 – ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് ഏറ്റെടുത്ത് കൃഷി ചെയ്യാവുന്ന ഭൂമിയിൽ ഭൂവുടമ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ എന്നിവരുടെ ത്രികക്ഷി കരാറിലൂടെ പാട്ടകൃഷി ചെയ്യുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | 3. <u>ക്ഷേമ പെൻഷനുകൾ</u><br>സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ പെൻഷൻ കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ ഗ്രാമപഞ്ചായത്തുകൾ മുഖേന കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യൽ.<br>4. <u>ഖരമാലിന്യ സംസ്കരണ യൂണിറ്റ്</u><br>ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിനായി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.<br>5. <u>അറവുശാലകൾ</u><br>ഗ്രാമപഞ്ചായത്തുകളിൽ അറവ് ശാലകൾ ആരംഭിക്കുന്ന പദ്ധതി.<br>6. <u>മാതൃകാ ഗ്യാസ് ക്രിമറ്റോറിയം</u><br>സംസ്ഥാനത്തെ 6 ഗ്രാമപഞ്ചായത്തുകളിൽ മാതൃകാ ഗ്യാസ് ക്രിമറ്റോറിയം ഉണ്ടാക്കുന്നതിനുള്ള പദ്ധതി.<br>7. <u>നീന്തൽ പരിശീലനം, അഗ്നിശമന പ്രവർത്തന പരിശീലനം.</u><br>ഗ്രാമപ്രദേശങ്ങളിൽതാമസിക്കുന്ന വർക്ക് നീന്തലിലും, പ്രാരംഭ അഗ്നിശമന പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്ന പദ്ധതി. |
| (സി) | പ്രസ്തുത പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | പദ്ധതിയെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള ചർച്ചകളും മീറ്റിംഗുകളും നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | 1. എസ്.റ്റി വകുപ്പ് മുഖേന നടപ്പിലാക്കുന്ന, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് ഊരുകൂട്ടം മുഖേന തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br>2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31.10.2014 വരെ 8045 ഗുണഭോക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്.<br>3. പാട്ടകൃഷി നടത്തുന്നതിനാവശ്യമായ ഭൂമിയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിച്ചു വരുന്നു.<br>4. മറ്റു പദ്ധതികൾ സംബന്ധിച്ച് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ